"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതിവകുപ്പ്- ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രസർക്കാരിൽനിന്ന് ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക CNA അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ പൊതുമരാമത്തുവകുപ്പിന് അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.162/2024/SJD തീയതി,തിരുവനന്തപുരം, 27-07-2024

---

പരാമർശം:- 1. സ. ഉ (സാധാ)നം 115/2019/SJD തീയതി 26.02.2019

2. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 25-06-2024-ലെ SJD/4402/2022-D5 നമ്പർ കത്ത്

**ഉത്തരവ്**

കേന്ദ്രസർക്കാരിലെ സോഷ്യൽ ജസ്റ്റിസ് ആന്റ് എംപവർമെന്റ് മന്ത്രാലയത്തിന്റെ പദ്ധതിയായ Scheme for Implementation of Persons with Disabilities Act (SIPDA)-യുടെ ഭാഗമായ ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 28 സർക്കാർ ഓഫീസ് കെട്ടിടങ്ങൾ ഭിന്നശേഷിസൗഹൃദമാക്കാൻ തീരുമാനിച്ചിരുന്നു. പ്രസ്തുത കെട്ടിടങ്ങളുടെ പ്രവൃത്തികൾക്കായി 2018-19 വർഷത്തിൽ, കേന്ദ്രസർക്കാരിൽനിന്ന് ആദ്യഗഡുവായി അനുവദിച്ച 4,29,98,000/-രൂപ പരാമർശം (1) ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അക്കൗണ്ടിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നിക്ഷേപിക്കുകയും ചെയ്തിരുന്നു. അതുപ്രകാരം 13 കെട്ടിടങ്ങളുടെ പ്രവൃത്തികൾക്കായി 1,97,55,955/- രൂപ പൊതുമരാമത്ത് വകുപ്പുമുഖേന ചെലവഴിക്കുകയുംചെയ്തിട്ടുണ്ട്. ചെലവഴിക്കാതെ ബാക്കിയുള്ള 2,32,42,045/- രൂപ കേന്ദ്രസർക്കാർ നിർദേശപ്രകാരം പൊതുമരാമത്ത് വകുപ്പ് മുഖേന CNA അക്കൗണ്ടിലേക്ക് ഡിപ്പോസിറ്റ് ചെയ്യുന്നതിനായി സർക്കാർ അനുമതിനൽകണമെന്ന് സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്രപദ്ധതിയായ ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രസർക്കാരിൽനിന്നുലഭിച്ച് പൊതുമരാമത്തുവകുപ്പിൽ നിക്ഷേപിച്ച 4,29,98,000/-രൂപയിൽ, പ്രവൃത്തികൾക്കായി ചെലവഴിച്ച രൂപ കിഴിച്ച് അവശേഷിക്കുന്ന 2,32,42,045/- രൂപ (രണ്ടുകോടി മുപ്പത്തിരണ്ടുലക്ഷത്തി നാല്പത്തിരണ്ടായിരത്തി നാല്പത്തഞ്ചുരൂപ) സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ താഴെപ്പറയുന്ന CNA അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതിന് പൊതുമരാമത്തുവകുപ്പിന് അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Account/No-50100624244850

Account Name-DIR OF SOCIAL JUSTICE SIPDA SCHEME
BANK,BRANCH- HDFC, MEDICALCOLLEGE BRANCH,TVPM
IFSC CODE-HDFC 0004740
MICRCODE-69524001

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

പൊതുമരാമത്ത് വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്, വികാസ് ഭവൻ,തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതിവകുപ്പ്, വികാസ് ഭവൻ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് ആൻഡ് ന്യൂ മീഡിയ ഡിവിഷൻ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
കരുതൽ ഫയൽ /ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Jasmine Thomas
Date: 27-07-2024 15:00:37

സെക്ഷൻ ഓഫീസർ